# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3948** 21.06.2019-**ൽ മറുപടിക്ക്**

അങ്കമാലി മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

| ചോദ്യം<br>ശ്രീ. റോജി എം. ജോൺ | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി ടൗണിൽ വോൾട്ടേജ് കുറവുള്ളതായി പരാതി ലഭിച്ചിട്ടുണ്ട്. പരാതിയെത്തുടർന്ന് ഫീൽഡ് ഓഫീസർമാർ പരിശോധന നടത്തുകയും താൽക്കാലിക പരിഹാരമെന്ന നിലയിൽ ത്രീ ഫേസ് ലൈൻ വലിക്കുകയും കപ്പാസിറ്റി കൂടിയ ട്രാൻസ് ഫോർമർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വോൾട്ടേജ് ക്ഷാമം പുതിയ ട്രാൻസ് ഫോർമർ സ്ഥാപിച്ച് ശാശ്വതമായി പരിഹരിക്കാൻ സാധിക്കുന്നതാണ്. ട്രാൻസ് ഫോർമർ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമായാൽ ഉടൻ തന്നെ പുതിയ ട്രാൻസ് ഫോർമർ സ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) പ്രളയത്തിനുശേഷം പ്രസ്തുത മണ്ഡലത്തിൽ എത്ര ട്രാൻസ്ഫോർമറുകളാണ് മാറ്റി സ്ഥാപിച്ചതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ; | (ബി) അങ്കമാലി നിയോജകമണ്ഡലത്തിൽ പ്രളയത്തിന് ശേഷം താഴെ പറയുന്ന 17 ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. |

| | |
|---|---|
| അങ്കമാലി സെക്ഷൻ | 2 എണ്ണം (പവിഴപ്പൊങ്ങ, കരയാംപറമ്പ്-100 KVA ട്രാൻസ്ഫോർമറുകൾ ) |
| കാലടി സെക്ഷൻ | 1 എണ്ണം (പിരാരൂർ- 250 KVA ട്രാൻസ് ഫോർമർ ) |
| മലയാറ്റൂർ സെക്ഷൻ | 1 എണ്ണം (പറക്കാട്ട് -100KVA ട്രാൻസ് ഫോർമർ) |
| മഞ്ഞപ്ര സെക്ഷൻ | 13 എണ്ണം- (വള്ളിത്തോട്,പള്ളിക്കുന്ന്, ലക്കി ക്രഷർ,സ്റ്റാർ ഗ്രാനൈറ്റ് മരിയ ക്രഷർ,ലൈല റബ്ബേഴ് സ്- 100KVA |

| | |
|---|---|
| | ട്രാൻസ്ഫോർമറുകൾ<br>അക്ഷയ, കരിങ്ങാലിക്കാട്, മേരിഗിരി , കല്യാൺ റൈസ്, A1 റബ്ബർ<br>മൈക്കിൾ & മൈക്കിൾ - 160KVA ട്രാൻസ്ഫോർമറുകൾ,<br>കുഴിയംപാടം - 250KVA ട്രാൻസ് ഫോർമർ) |

(സി) ഈ മണ്ഡലത്തിലെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം സെക്ഷൻ തിരിച്ച് ലഭ്യമാക്കാമോ;

(സി) അങ്കമാലി നിയോജകമണ്ഡലത്തിലെ ഉപഭോക്താക്കളുടെ എണ്ണം സെക്ഷൻതിരിച്ച് താഴെപ്പറയും പ്രകാരമാണ് .

അങ്കമാലി സെക്ഷൻ - 17,694
കറുകുറ്റി സെക്ഷൻ - 10,378
മൂക്കന്നൂർ സെക്ഷൻ - 8,103
പാറക്കടവ് സെക്ഷൻ - 7,714
കാലടി സെക്ഷൻ - 15,487
മലയാറ്റൂർ സെക്ഷൻ - 8,783
മഞ്ഞപ്ര സെക്ഷൻ - 10,701
തുറവൂർ സെക്ഷൻ - 7,823

(ഡി) മണ്ഡലത്തിലെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണത്തിലെ വർദ്ധനവ് കണക്കിലെടുത്ത് കൂടുതൽ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ബോർഡ് പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(ഡി) നിലവിൽ അങ്കമാലി മണ്ഡലത്തിൽ ഉൾപ്പെട്ട സെക്ഷൻ ഓഫീസുകളിലെ ഉപഭോക്താക്കളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് കാണുന്നില്ല. കൂടാതെ പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും കൂടുതൽ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് നിലവിൽ ബോർഡിന്റെ പരിഗണനയിലില്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഓഫീസുകളുടെ പുനക്രമീകരണം ബോർഡ് പരിശോധിച്ചുവരികയാണ്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ